## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – വട്ടംകുളം ഗ്രാമപഞ്ചായത്ത് - വികസിത ഗ്രാമം പദ്ധതിയുടെ ഭാഗമായി പ്രളയബാധിത പ്രദേശങ്ങളിൽ സർവ്വേ നടത്തിയ വിദ്യാർത്ഥികളുടെ ഭക്ഷണ ചെലവ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 209/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 31/01/2019

---

പരാമർശം:- 1. വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 06/10/2018 ൽ നടന്ന സാധാരണ മീറ്റിംഗിലെ 13-ാം നമ്പർ തീരുമാനം

2. വട്ടംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08/10/2018 ലെ എ 2 -4112/18 നമ്പർ കത്ത്.

3. വട്ടംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/11/2018 ലെ എ 2 -4112/18 നമ്പർ കത്ത്.

### <u>ഉത്തരവ്</u>

വികസിത ഗ്രാമം പദ്ധതി കോ ഓർഡിനേറ്ററുടെ കത്തിന്റെ അടിസ്ഥാനത്തിൽ വട്ടംകുളം ഗ്രാമ പഞ്ചായത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ സർവ്വേ നടത്തുന്നതിനായി വട്ടംകുളം ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് എന്ന സ്ഥാപനത്തിലെ വിദ്യാർത്ഥികളെ നിയോഗിച്ചിരുന്നുവെന്നും, പ്രളയദേശങ്ങൾ സർവ്വേ നടത്തുന്നതിനായി വെറും രണ്ട് ദിവസത്തെ സമയം മാത്രമാണ് അനുവദിച്ചിരുന്നതെന്നും, തികച്ചും അപ്രായോഗികമായ ഈ സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ പ്രളയബാധിത പ്രദേശങ്ങളുടെ സർവ്വേ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെന്നും, എന്നിരുന്നാലും ടി വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പദ്ധതിയുടെ ഫലപ്രാപ്തിക്കായി ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ആറു ദിവസത്തെ പ്രയത്നം കൊണ്ടാണ് സർവ്വേ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളതെന്നും, വിദ്യാർത്ഥികളുടെ ഈ ദിവസങ്ങളിലെ ഭക്ഷണത്തിനായി ചെലവായ 57,988/- രൂപ പഞ്ചായത്ത് തനതു ഫണ്ടിൽ നിന്ന് വഹിക്കുന്നതിന് അനുമതി ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വികരിക്കണമെന്നും പരാമർശം (2) പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികസിത ഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് വട്ടംകുളം ഗ്രാമ പഞ്ചായത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ സർവ്വേ നടത്തുന്നതിനായി നിയോഗിച്ച വിദ്യാർത്ഥികളുടെ ഭക്ഷണത്തിന് ചെലവായ 57,988/- (അൻപത്തിയേഴായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) രൂപ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
പ്രസിഡന്റ്, വട്ടംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം - 679 578.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.